ദേശം റീസർവ്വെ 2/1 ബി-യിൽപ്പെട്ട 90.62 ഏക്കർ ഭൂമി വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ 17-8-1994-ലെ ജി2-എസ്.എം.സി.26/81/V നമ്പർ ഉത്തരവു പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ മേൽപ്പറഞ്ഞ 90.62 ഏക്കർ ഭൂമി ഏത് ഭാഗത്താണെന്ന് രേഖപ്പെടുത്തിയ സ്കെച്ച് താലൂക്കാഫീസ് ഫയലിൽ ലഭ്യമല്ല. മേൽപ്പടി സ്കെച്ച് ലഭ്യമാക്കുന്നതിനായി മാനന്തവാടി സബ് കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈത്തിരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാന്റെ 17-1-2015 തീയതിയിലെ ജി2-എസ്.എം.സി.26/81/V നമ്പർ കത്തുപ്രകാരം കെടവൂർ ദേശം റീസർവ്വെ 2/1 ബി-യിൽപ്പെട്ട ഭൂമിയുടെ കൈമാറ്റത്തിന് സാദ്ധ്യത ഉണ്ടാകുമെന്ന് സംശയിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സംഭവങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് മേൽപ്പടി ഭൂമിയുടെ കൈമാറ്റം നിലവിൽ നിർത്തിവച്ചിരിക്കുന്നത്. കെടവൂർ ദേശം റീസർവ്വെ 2/1 ബി-യിൽ ചെറുതും വലുതുമായ വിസ്തീർണ്ണത്തിൽ ആയിരത്തോളം കൈവശക്കാർ കൃഷി ചെയ്യും വീട് വച്ചും താമസിച്ചുവരികയാണെന്നും എം.എസ്. കൽപ്പറ്റ എസ്റ്റേറ്റ് കമ്പനി ലിമിറ്റഡിന്റെ കൈവശത്തിലുണ്ടായിരുന്ന ഭൂമി പൂർണ്ണമായും വിൽപ്പന നടത്തുകയും പാവപ്പെട്ട നൂറുകണക്കിനാളുകൾ വീട് വച്ച് താമസിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ മേൽപ്പടി മിച്ചഭൂമി ഏറ്റെടുക്കൽ ശ്രമത്തിനായ എതിർപ്പുകൾക്കും ക്രമസമാധാന പ്രശ്നങ്ങൾക്കും ഇടയാക്കുമെന്ന് താമരശ്ശേരി തഹസീൽദാർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവിടെയുണ്ടായിട്ടുള്ള അപാകതകൾ എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

10. പാതിരാമണൽ ടൂറിസ്റ്റ് കേന്ദ്രം

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ചേർത്തല മണ്ഡലത്തിലെ മുഹമ്മ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും വലിയ വിനോദസഞ്ചാര സാദ്ധ്യതയുള്ളതുമായ ഒരു മേഖലയാണ് പാതിരാമണൽ. 64 ഏക്കറോളം വരുന്ന ഈ പ്രദേശം നിലവിൽ റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിൽപ്പെട്ട പ്രദേശമാണ്. വൈവിദ്ധ്യമാർന്ന ദേശാടനപക്ഷികളുടെ താവളവും ജൈവ വൈവിധ്യങ്ങളുടെ കലവറയുമായ ഈ പ്രദേശം ഇപ്പോൾ കാടുപിടിച്ച് സാമൂഹ്യവിരുദ്ധരുടെ താവളമായി കിടക്കുകയാണ്. അളവറ്റ വിനോദസഞ്ചാര സാദ്ധ്യതകളുള്ള ഇവിടേയ്ക്ക് ആയിരക്കണക്കിന് സഞ്ചാരികൾ എത്തിക്കൊണ്ടിരിക്കുകയാണ്. പാതിരാമണലിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിന് ഒട്ടേറെക്കാലമായി ശ്രമിക്കുന്നുണ്ടെങ്കിലും ഇനിയും അതിന് സാദ്ധ്യമായിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമെന്ന നിലയിൽ 5½ കോടി രൂപയുടെ ഒരു പദ്ധതി മുമ്പ് ആവിഷ്കരിക്കപ്പെട്ടിരുന്നുവെങ്കിലും ചില കക്ഷികൾ നൽകിയ പരാതിയിൽ കോടതിയുടെ ഇടപെടലിനെത്തുടർന്ന് പദ്ധതി മുടങ്ങുകയും തുക നഷ്ടപ്പെടുകയും ചെയ്തു. നിലവിൽ കേസ്സുകൾ ഒന്നുമില്ലെങ്കിലും പദ്ധതിക്കുള്ള പണത്തിന്റെ ദൗർലഭ്യംമൂലം പാതിരാമണൽ ടൂറിസ്റ്റ് കേന്ദ്രമെന്ന സ്വപ്നം സഫലമാകാതെ നിലകൊള്ളുകയാണ്. ജൈവവൈവിദ്ധ്യങ്ങളുടെ ഈ കലവറയിൽ യന്ത്രങ്ങൾ ഉപയോഗിച്ച് നിർമ്മാണങ്ങൾ പാടില്ലെന്ന കോടതിയുടെ നിർദ്ദേശം നിലനിൽക്കുകയാണ് ; എങ്കിലും ഇവിടെ സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങളും റെസ്റ്റോറന്റും ഉൾപ്പെട്ട ബിസിനസ് സ്ഥലവും ഒരുക്കിക്കൊണ്ടും പാതിരാമണൽ ദ്വീപിലേക്ക് യാത്രാസൗകര്യമൊരുക്കുകയും വാച്ച് ടവർ തീർത്തുകൊണ്ടും. യന്ത്രങ്ങളുടെ സഹായമില്ലാതെതന്നെ ജൈവമേഖലയെ പരിസ്ഥിതി സൗഹൃദ ടൂറിസ്റ്റ് കേന്ദ്രമാക്കിയെടുക്കണം. ബോട്ട് അടുപ്പിക്കുന്നതിനുള്ള ജെട്ടിയും ഈ ദ്വീപിലൂടെ നടക്കുന്നതിനുള്ള പാതയും വഴിവിളക്കുകളും അത്യാവശ്യമായതിനാൽ അതിനാവശ്യമായ ഫണ്ട് എത്രയുംവേഗം അനുവദിക്കുന്നതിനും പാതിരാമണൽ ദ്വീപിനെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റുകേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പാതിരാമണൽ, കേരളത്തിലെ ഏറ്റവും മനോഹരമായ, വിനോദസഞ്ചാരമേഖലയിൽ അനന്തസാദ്ധ്യതയുള്ള പ്രദേശമാണ്. പാതിരാമണൽ ഇക്കോടൂറിസം പദ്ധതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുവാനുള്ള തീരുമാനം എടുത്തിരുന്നു. ഏതാണ്ട് 5 കോടി രൂപ അതിനുവേണ്ടി കേന്ദ്രഗവൺമെന്റ് അനുവദിച്ചു. സംസ്ഥാന ഗവൺമെന്റ് ഏതാണ്ട് 50 ലക്ഷംരൂപ അനുവദിക്കുകയുണ്ടായി. അങ്ങനെ 5½ കോടി രൂപയുടെ പ്രോജക്ടാണ്. നിർവ്വഹണ ഏജൻസിയായി ആദ്യം FACT Engineering and Design Organization, Cochin എന്ന സ്ഥാപനത്തെ നിയമിച്ചിരുന്നുവെങ്കിലും പിന്നീടത് KITCO എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പക്ഷേ ഇവിടെ സൂചിപ്പിച്ചതുപോലെ കോടതിയുമായും പാരിസ്ഥിതികമായും ബന്ധപ്പെട്ട ചില

പ്രശ്നങ്ങൾ ഉയർന്നുവന്നതിന്റെയടിസ്ഥാനത്തിൽ ആ പദ്ധതി നടപ്പാക്കാനാകാത്തതിനാൽ കേന്ദ്രഗവൺമെന്റ് അനുവദിച്ച പണം നമുക്ക് തിരിച്ചടയ്ക്കേണ്ടിവന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പാതിരാമണൽ ടൂറിസത്തിന്റെ സാദ്ധ്യത വലുതാണ്. ആലപ്പുഴ ജില്ലയ്ക്ക് മാത്രമല്ല, കേരളത്തിന്റെ ടൂറിസം വികസനത്തിനുതന്നെ അനന്തമായ സാദ്ധ്യതകളുണ്ട്. അതുകൊണ്ടുതന്നെ പദ്ധതിയിൽ മാറ്റം വരുത്തിക്കൊണ്ട് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു പ്രയാസവുമില്ല. സംസ്ഥാന ഗവൺമെന്റ്തന്നെ അതിനാവശ്യമായ പണം അനുവദിക്കും. മറ്റ് പ്രശ്നങ്ങൾകൂടി ചർച്ചചെയ്ത് പരിഹരിക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

11. പാലം നിർമ്മാണം

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, നാട്ടിക-കൈപ്പമംഗലം നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതിലഭിച്ച് വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണച്ചുമതല കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചതായാണ് അറിവ്. നാളിതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ നിർമ്മാണപ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏകദേശം പൂർത്തിയായെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)</u> : സർ, കനോലി കനാലിന് കുറുകെയുള്ള അഴിമാവ് കടവ് പാലത്തിന് 14-7-2009-ൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പണി ആരംഭിച്ചിരുന്നില്ല. ഇപ്പോൾ ഇതിനായി കീഴ്പ്പള്ളിക്കര- എടത്തുരുത്തി വില്ലേജുകളിലായി 57.9 ആർ ഭൂമി ഏറ്റെടുക്കുന്നതിന് ഈ മാസം 17-ാം തീയതി മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്തതിനുശേഷം പുതുക്കിയ ഭരണാനുമതി നൽകി പാലം നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly